ഉത്തരം

കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ സോൺ 3—ലെ ഓവർ ഹെഡ് ടാങ്ക്, ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ കരാർ ഉറപ്പിച്ചു. സോൺ 3—ലെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനുള്ള ടെൻഡർ വിളിച്ചിട്ടുണ്ട്. കൂടാതെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ 4 എസ്റ്റിമേറ്റുകൾ അംഗീകരിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്കാവശ്യമായ പൈപ്പുകളും മറ്റ് സാമഗ്രികളും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

കവിയൂർ വില്ലേജിലെ ശുദ്ധജലവിതരണ പദ്ധതി

427 [464] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കവിയൂർ വില്ലേജിൽ ആൽഭാഗത്ത് പെരുമ്പടി പാലത്തിന് കിഴക്കായി വരുന്ന പന്ത്രണ്ടോളം വീട്ടുകാരെ തിരുവല്ല പബ്ലിക് ഹെൽത്ത് ഡിവിഷൻ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഒഴിവാക്കിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് മേൽപ്പറഞ്ഞ വീട്ടുകാരിൽനിന്നും എന്തെങ്കിലും പരാതി തിരുവല്ല പബ്ലിക് ഹെൽത്ത് ഡിവിഷനൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) മേൽപ്പറഞ്ഞ വീടുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇപ്പോൾ പണിനടന്നുകൊണ്ടിരിക്കുന്ന കവിയൂർ കുന്നന്താനം ശുദ്ധജല വിതരണ പദ്ധതിയിൽ (Accelerated Rural Water Supply Scheme) പ്രസ്തുത പ്രദേശം ഉൾപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി, ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും ഈ പ്രദേശത്തേയ്ക്കുകൂടി പൈപ്പ്ലൈൻ നീട്ടുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

പയ്യാവൂർ ശുദ്ധജല വിതരണ പദ്ധതി

428 [465] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട പയ്യാവൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly